**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1106** **10-08-2023 - ൽ മറുപടിയ്ക്ക്**

**കടക്കാട്ടുപാറ ആല്യംകടവിൽ റെഗുലേറ്റർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടക്കാട്ടുപാറ ആല്യംകടവ് റെഗുലേറ്റർ പദ്ധതിക്ക് കിഫ്ബിയിൽ നിന്നും ഫണ്ട് ലഭിക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ കടക്കാട്ടുപാറ ആല്യംകടവ് ആർ.സി.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തിയുടെ 49.20 കോടി രൂപ തുക വരുന്ന വിശദമായ പ്രൊജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന തിനായി സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിരുന്ന ഇരുമ്പോത്തിങ്ങൾകടവ് റെഗുലേറ്റർ നിർമ്മാണം പ്രായോഗികമായി നടപ്പാക്കാൻ ബുദ്ധിമുട്ട് ഉള്ളതിനാൽ ആയതിന് അനുവദിച്ച 36 കോടി രൂപ കടക്കാട്ടുപാറ ആല്യംകടവിൽ റെഗുലേറ്റർ നിർമ്മിക്കുന്നതിന് അനുവദിക്കുവാൻ കിഫ്ബിയോട് ശിപാർശ ചെയ്യാമോ; | (ബി) | ഈ വിഷയം പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കാവുന്നതാണ്. |
| (സി) | മേൽ ശിപാർശ കിഫ്ബി അംഗീകരിക്കാത്ത പക്ഷം കടക്കാട്ടുപാറ ആല്യംകടവിൽ റെഗുലേറ്റർ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള എഫ് .എ2/2510/23 എന്ന ഫയലിന് മുൻഗണന നൽകി കിഫ്ബിക്ക് സമർപ്പിക്കാമോയെന്ന് വ്യക്തമാക്കാമോ? | (സി) | മറുപടി ബി പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ